Website: www.mosc.in
E-mail: catholicos@mosc.in

TELEPHONE: 0481-2574323, 2578500
FAX: 0481-2570569

# The Malankara Orthodox Syrian Church

## CATHOLICATE OF THE EAST

**BASELIOS MARTHOMA PAULOSE II**
CATHOLICOS OF
THE APOSTOLIC THRONE OF
ST. THOMAS
AND MALANKARA METROPOLITAN

CATHOLICATE PALACE
KOTTAYAM-686 038
KERALA, INDIA

**നമ്പർ: MOSC/CMM/212/2020**

നമുക്ക് എത്രയും സ്നേഹിക്കപ്പെട്ടിരിക്കുന്ന നമ്മുടെ എല്ലാ സ്ഥാപനങ്ങളുടെയും പ്രസ്ഥാനങ്ങളുടെയും ചുമതലക്കാർക്കും, മെത്രാസന സെക്രട്ടറിമാർക്കും വാഴ്വ്!

പ്രിയരെ,

പ. സഭയുടെയും, സഭയോടനുബന്ധിച്ചുള്ള എല്ലാ സ്ഥാപനങ്ങളുടെയും, പ്രസ്ഥാനങ്ങളുടെയും, മെത്രാസനങ്ങളുടെയും 2021-22 ലെ ബജറ്റ് തയ്യാറാക്കുന്നതിനുള്ള സമയമായിരിക്കുകയാണ്. ആയതിനാൽ അതതിന്റെ ചുമതലക്കാർ 01-04-2021 മുതൽ 31-03-2022 വരെയുള്ള സാമ്പത്തിക വർഷത്തിൽ പ്രതീക്ഷിക്കുന്ന വരവുകളും ചെലവുകളും ഉൾക്കൊള്ളിച്ചുള്ള ബജറ്റ് തയ്യാറാക്കി ഒപ്പും, പേരും, മുദ്രയും വച്ച് 2021 ജനുവരി മാസം 15-ാം തീയതിക്കകം നമ്മുടെ ഓഫീസിൽ കിട്ടത്തക്കവണ്ണം അയച്ചുതരേണ്ടതാണ്. വരും വർഷത്തേയ്ക്കുള്ള ബജറ്റിനൊപ്പം ഈ സാമ്പത്തിക വർഷത്തെ ബജറ്റിൽ ഓരോ ഇനത്തിനും വകകൊള്ളിച്ചിട്ടുള്ള തുകയും 01-04-2020 മുതൽ 31-12-2020 വരെയുള്ള കാലയളവിലെ വരവ് ചെലവുകളും കൂടി ഇനം തിരിച്ച് കാണിക്കേണ്ടതാണ്. തന്നാണ്ടിലെ 9 മാസത്തെ ചെലവുകളുടെ ശരാശരി പരിഗണിച്ച് വർഷാവസാനം വരെയുണ്ടാകാവുന്ന ഏകദേശ ചെലവ് കണക്കാക്കുകയും, അതിന്റെ അടിസ്ഥാനത്തിൽ അടുത്ത വർഷത്തേയ്ക്ക് എത്രമാത്രം വർദ്ധന/കുറവ് ആണ് വേണ്ടത് എന്ന് കണക്കാക്കി ബജറ്റ് തയ്യാറാക്കുകയും ചെയ്യണം. വരും വർഷത്തിൽ ഉണ്ടാകാവുന്ന ഭരണച്ചെലവുകൾ, നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ, നിർമ്മാണ പ്രവർത്തനങ്ങൾ എന്നിവയൊക്കെയും കണക്കിലെടുക്കണം. ബജറ്റിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന ഇനങ്ങളിലായി ചെലവുകൾ പരിമിതപ്പെടുത്തുവാൻ പ്രത്യേകം ശ്രദ്ധിക്കണം.

ബി-ഷെഡ്യൂളിൽ ഉൾപ്പെട്ട സ്ഥാപനങ്ങളുടെയും പ്രസ്ഥാനങ്ങളുടെയും ബജറ്റുകൾ 2021 ഫെബ്രുവരിയിൽ ചേരുന്ന പരിശുദ്ധ എപ്പിസ്ക്കോപ്പൽ സുന്നഹദോസിൽ അവതരിപ്പിച്ച് പാസ്സാക്കേണ്ടതുകൊണ്ടും അതിനോടുചേർന്നുള്ള സഭാ മാനേജിംഗ് കമ്മറ്റിയിൽ സഭാ ഭരണഘടനപ്രകാരം മറ്റെല്ലാ ഷെഡ്യൂളുകളിലും ഉൾപ്പെട്ട സ്ഥാപനങ്ങളുടെയും പ്രസ്ഥാനങ്ങളുടെയും ബജറ്റുകൾ അച്ചടിച്ച് അവതരിപ്പിക്കേണ്ടതുകൊണ്ടും ചുമതലപ്പെട്ടവർ ഇക്കാര്യത്തിൽ പ്രത്യേകം ശ്രദ്ധിക്കുകയും സമയ ക്ലിപ്തത പാലിക്കുകയും ചെയ്യണമെന്ന് നാം നിർബന്ധപൂർവ്വം ആവശ്യപ്പെടുന്നു.

ബജറ്റ് തയ്യാറാക്കുന്നതിനുള്ള ഫോർമാറ്റ് ഇതോടൊപ്പം അയയ്ക്കുന്നു. വിശദ വിവരങ്ങൾക്ക് 0481 2578500, 2578499 എന്നീ നമ്പറുകളിലോ, churchaccounts@mosc.in എന്ന ഈ-മെയിൽ അഡ്രസ്സിലോ ബന്ധപ്പെടാവുന്നതാണ്.

ശേഷം പിന്നാലെ, ദൈവം അനുഗ്രഹിക്കട്ടെ

2020 നവംബർ മാസം 30-ാം തീയതി
കോട്ടയം കാതോലിക്കേറ്റ്
അരമനയിൽ നിന്നും

**ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ**